ഷോളയൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളിലെ വിയറുകൾ

1336. [1808] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-6-1985 വരെ അഗളി, ഷോളയൂർ, പുത്തൂർ എന്നീ പഞ്ചായത്തുകളിലെ എത്ര വിയറുകൾ നിർമ്മിച്ചിട്ടുണ്ട് ;

(ബി) ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; എത്ര വിയറുകൾ ഇതിനകം ഉപയോഗശൂന്യമായിട്ടുണ്ട് ;

(സി) വിയർ നിർമ്മാണത്തിലെ അഴിമതികളെപ്പറ്റി ഗവൺമെന്റിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടികൾ എടുത്തു?

ഉത്തരം

(എ) ഈ ഗവൺമെന്റ് വന്നതിനുശേഷം 30-6-1985 വരെ ഈ മൂന്നു പഞ്ചായത്തുകളിലായി 13 വിയറുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) ഇതിനായി മൊത്തം 13.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിയറുകൾ ഒന്നും തന്നെ ഉപയോഗശൂന്യമായിട്ടില്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

അരുവിക്കര സബ്സ്റ്റേഷനിലെ കയറ്റിറക്ക് തൊഴിലാളികൾ

1337. [1809] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ അരുവിക്കര സബ്ഡിവിഷനിൽ കഴിഞ്ഞ 12 വർഷക്കാലമായി ലോഡിംഗ് ആൻഡ് അൺലോഡിംഗ് ജോലികളും എച്ച്. ആർ. വ്യവസ്ഥയിലും കാട്ടേഷൻ വ്യവസ്ഥയിലും ഉള്ള ജോലികളും ചെയ്തു വരുന്ന തൊഴിലാളികൾക്ക് പകരം പുതിയതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര പേരെ ;

(ബി) ഇപ്രകാരം പുതുതായി നിയമിക്കപ്പെട്ടവരെ ഏതു രീതിയിലാണ് സെലക്ടുചെയ്തത് ;

(സി) 12 വർഷത്തോളം പ്രസ്തുത ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളെ സ്ഥിരമായി നിയമിക്കാതെ പുതിയതായി കുറെ പേരെ നിയമിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോഡിംഗ്, അൺലോഡിംഗ് ജോലികൾക്കും, എച്ച്. ആർ. വ്യവസ്ഥയിലും, കാട്ടേഷൻ വ്യവസ്ഥയിലും നടക്കുന്ന ജോലികൾക്കും അതോറിറ്റിയിൽ നിന്നും ആരെയും നാളിതുവരെ നിയമിച്ചിട്ടില്ല നാട്ടുകാരായ തൊഴിലാളികളെ കൊണ്ടാണ് ഇത്തരം ജോലികൾ ചെയ്യിച്ച് വരുന്നത്.

(ബി, സി) 'എ' യ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly